LIBRARY ARCHIVES Kerala Legislative Assembly

നടക്കാവ് ഹൈസ്കൂളിലെ ആസ്ട്രോ ടർഫ് ഗ്രൗണ്ട് തീയിട്ട സംഭവം

115(5704) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് നടക്കാവ് ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിലെ ആസ്ട്രോ ടർഫ് ഗ്രൗണ്ട് തീയിട്ട് നശിപ്പിച്ചതുമായി ബന്ധപ്പെട്ട അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

കോഴിക്കോട് സിറ്റിയിൽ നടക്കാവ് ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിലെ ആസ്ട്രോ ടർഫ് ഗ്രൗണ്ട് തീയിട്ട് നശിപ്പിച്ചതുമായി ബന്ധപ്പെട്ട് 15-4-2015 തീയതി നടക്കാവ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 344/2015 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ പ്രതികളെ ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഈ കേസ് നടക്കാവ് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ 6-6-2015 വരെ അന്വേഷണം നടത്തിയിട്ടുള്ളതും തുടർന്ന് കോഴിക്കോട് സിറ്റി പോലീസ്, അസിസ്റ്റന്റ് കമ്മീഷണർ നോർത്തിന്റെ നേതൃത്വത്തിൽ ഒരു സ്പ്യാഡ് രൂപീകരിച്ച് അന്വേഷണം നടത്തിവരികയുമാണ്. ഈ കേസിൽ ശാസ്ത്രീയമായ അന്വേഷണം നടത്തിയിട്ടും പ്രതികളെക്കുറിച്ച് യാതൊരു വിവരവും കണ്ടെത്താൻ ഇതുവരെ സാധിച്ചിട്ടില്ല. പ്രസ്തുത കേസിൽ ഇപ്പോഴും അന്വേഷണം തുടർന്നുവരുന്നു.

കവർച്ച കേസുകളിൽ പ്രതിയായവർ

116(5705) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോഷണം, കവർച്ച, പിടിച്ചുപറി തുടങ്ങിയ ക്രിമിനൽ പ്രവർത്തനങ്ങൾ സജീവമായിരിക്കുന്നതായി അറിയാമോ ;

(ബി) ഈയടുത്ത് കണ്ണൂരിൽ നടന്ന കവർച്ച കേസുകളിൽ പ്രതികളായവരിൽ ആർ.എസ്.എസ്. പ്രവർത്തകരും പ്രാദേശിക നേതാക്കളും ഉൾപ്പെട്ടതായി അറിയാമോ ;

(സി) തലശ്ശേരി കവർച്ച കേസ്സിലെ പ്രതികളിൽ ആർ.എസ്.എസുകാർ എത്രയാണ് ; ആരൊക്കെ :

(ഡി) കവർച്ച കേസിൽ റിമാന്റിലായ പ്രതികളെ പോലീസ് കസ്റ്റഡിയിലെടുത്ത് വിശദമായി ചോദ്യം ചെയ്യുകയുണ്ടായോ ;

(ഇ) കവർച്ച, പിടിച്ചുപറി തുടങ്ങിയ കേസുകളിലെ പ്രതികൾക്ക് ആർ.എസ്.എസ്. സംരക്ഷണം നൽകി വരുന്നതായി അറിയാമോ ; ഇത്തരം കേന്ദ്രങ്ങളെക്കുറിച്ച് അന്വേഷിക്കുമോ ?

ഉത്തരം

(എ) മോഷണം, കവർച്ച, പിടിച്ചുപറി തുടങ്ങിയ ക്രിമിനൽ പ്രവർത്തനങ്ങൾ സജീവമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈയടുത്ത് (1-1-2015 മുതൽ 15-7-2015 വരെ) കണ്ണൂരിൽ നടന്ന കവർച്ച കേസുകളിൽ പ്രതികളായവരിൽ ആർ.എസ്.എസ്. പ്രവർത്തകർ ഉൾപ്പെട്ടിട്ടുണ്ട്. പ്രാദേശിക നേതാക്കൾ ഉൾപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പോലീസ് സ്റ്റേഷൻ	ക്രൈം നമ്പർ & സെക്ഷൻ	പ്രതികളായ ആർ.എസ്. എസ്. പ്രവർത്തകരുടെ പേര്	പ്രതികളായ പ്രാദേശിക നേതാക്കളുടെ പേര്
1	തലശ്ശേരി	Cr.1451/14 u/s 457,380.461, 411 IPC	നിവേദ്@അപ്പു	ഇല്ല.
2	തലശ്ശേരി	Cr.1143/15, u/s 457,380,461, 411 IPC	വിനീഷ്.പി.	ഇല്ല.
3.	പാനൂർ	Cr.1175/14 u/s 457,380,461 IPC	നിവേദ് S/o പവിത്രൻ, ഇരഞ്ഞിക്കന്റെ വീട്, വെള്ളങ്ങാട്, പാനൂർ	ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) തലശ്ശേരി കവർച്ച കേസ്സിൽ പ്രതികളായി ഉൾപ്പെട്ട ആർ.എസ്.എസുകാരുടെ വിവരം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	പോലീസ് സ്റ്റേഷൻ	ക്രൈം. നമ്പർ & സെക്ഷൻ	പ്രതികളായ ആർ.എസ്.എസ്. പ്രവർത്തകരുടെ പേര്
1	തലശ്ശേരി	Cr.1451/14 u/s 457,380,461,411 IPC	നിവേദ്@അപ്പു
2	തലശ്ശേരി	Cr.1143/15, u/s 457,380,461,411 IPC	വിനീഷ്.പി.

(ഡി) കവർച്ച കേസിൽ റിമാന്റിലായ പ്രതികളെ പോലീസ് കസ്റ്റഡിയിൽ വിശദമായി ചോദ്യം ചെയ്തിട്ടുണ്ട്.

(ഇ) കവർച്ച, പിടിച്ചുപറി തുടങ്ങിയ കേസ്സുകളിലെ പ്രതികൾക്ക് ആർ.എസ്.എസ്. സംരക്ഷണം നൽകുന്നുണ്ടോയെന്ന് അന്വേഷണം നടത്തിവരുന്നു.

കായംകുളം സ്കൂളുകൾ കേന്ദ്രമാക്കി കഞ്ചാവ്-മയക്കുമരുന്ന് ലോബികൾ

117(5706) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം അസംബ്ലി മണ്ഡലത്തിലെ വിവിധ സ്കൂളുകൾ കേന്ദ്രമാക്കി കഞ്ചാവ്-മയക്കുമരുന്ന് ലോബികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത വിഷയം സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര പ്രതികളെ പിടികൂടാൻ കഴിഞ്ഞിട്ടുണ്ടെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതുസംബന്ധിച്ച് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

സോഷ്യൽ മീഡിയകളിലൂടെ പരാതി സ്വീകരിക്കുന്ന സംവിധാനം

118(5707) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോഷ്യൽ മീഡിയകളിലൂടെ പരാതി സ്വീകരിക്കുന്ന സംവിധാനം വിപുലീകരിക്കാനും കൂടുതൽ ജനകീയമാക്കാനും ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) വാട്സ് അപ്പ് തുടങ്ങിയ സോഷ്യൽ മീഡിയകൾ വഴി എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പരാതി ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര എണ്ണം ഗതാഗത നിയമലംഘനത്തിനാണെന്നും അതിന്മേൽ സ്വീകരിച്ച നടപടികളും വിശദമാക്കാമോ ;

(സി) ഇത്തരം പരാതികൾ പരിശോധിക്കുന്നതിന് സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം ഏർപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly